പതിന്നാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം *237 — 18/06/2018 ൽ മറുപടിക്ക്

## ഇ-ഡിസ്ട്രിക് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് പൊതുജനങ്ങൾക്ക് ഈ പദ്ധതി വഴി നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്റ്റ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി നൽകി വരുന്നു.<br>താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്റ്റ് സംവിധാനം വഴി നൽകി വരുന്നു.<br>1. ജാതി സർട്ടിഫിക്കറ്റ്<br>2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്<br>3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്<br>4. ബന്ധുത്വ സർട്ടിഫിക്കറ്റ്<br>5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്<br>6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്<br>7. വരുമാന സർട്ടിഫിക്കറ്റ്<br>8. കൈവശാവകാശ സർട്ടിഫിക്കറ്റ്<br>9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്<br>10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്<br>11. സോൾവെൻസി സർട്ടിഫിക്കറ്റ്<br>12. ലൊക്കേഷൻ സർട്ടിഫിക്കറ്റ്<br>13. കൺവർഷൻ സർട്ടിഫിക്കറ്റ്<br>14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്<br>15. അഗതി സർട്ടിഫിക്കറ്റ്<br>16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്<br>17. മിശ്ര വിവാഹ സർട്ടിഫിക്കറ്റ് |

18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്
19. ലൈഫ് സർട്ടിഫിക്കറ്റ്
20. വൺ ആൻറ് ദി സെയിം സർട്ടിഫിക്കറ്റ്
21. പൊസഷൻ ആന്റ് നോ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്
22. വാല്വേഷൻ സർട്ടിഫിക്കറ്റ്
23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
24. മൈനോരിറ്റി സർട്ടിഫിക്കറ്റ്

| | |
|---|---|
| (ബി) ഭൂമി സംബന്ധിച്ച വിവരങ്ങളുടെ ഡിജിറ്റൈസേഷൻ എല്ലാ വില്ലേജ് ഓഫീസുകളിലും ആരംഭിച്ചിട്ടുണ്ടോ; സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ ബി.ടി.ആർ. റെക്കോർഡുകളുടെയും തണ്ടപ്പേർ റെക്കോർഡുകളുടെയും ഡിജിറ്റൈസേഷൻ നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) സംസ്ഥാനത്തെ റീസർവ്വെ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലേയും ഭൂവിവരങ്ങൾ ഘട്ടം ഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു .സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1586 വില്ലേജുകളിലെ അടിസ്ഥാന റെക്കോർഡുകൾ ഡിജിറ്റൈസ് ചെയ്തു ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ 1,16,65,318 ബി.ടി.ആർ.റെക്കോർഡുകളും, 1,94,28,148 തണ്ടപ്പേർ റെക്കോർഡുകളും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്.അവശേഷിക്കുന്ന വില്ലേജുകളിൽ റിക്കോർഡുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കി ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചുവരുന്നു. നാളിതുവരെ 602 വില്ലേജുകളുടെ തണ്ടപ്പേർ റെക്കോർഡുകളും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. |
| (സി) സംസ്ഥാനത്തെ സംയോജിത ഓൺലൈൻ പോക്കുവരവും ഇ-പെയ്മെൻറ് നടപടിക്രമങ്ങളും സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (സി) ഭൂസംബന്ധമായി റവന്യൂ രജിസ്ട്രേഷൻ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക. വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1586 വില്ലേജുകളിലെ അടിസ്ഥാന റെക്കോർഡുകൾ ഡിജിറ്റൈസ് ചെയ്തു ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് സംയോജിത |

ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന പെയ്മെന്റുകൾ ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ- പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചുകൊണ്ടാണ് ഇ-പെയ്മെന്റ് സംവിധാനം നടപ്പിലാക്കിയിരിക്കുന്നത്.

സെക്ഷൻ ഓഫീസർ